3. പുതിയ ടോയ്‌ലറ്റുകൾ നിർമ്മിച്ചു.

4. അമിനിറ്റി സെന്റർ അമ്മമാർക്കും കുഞ്ഞുങ്ങൾക്കുംവേണ്ടി നിർമ്മിച്ചു.

5. അത്യാവശ്യ ഇലക്ട്രിക്കൽ വിലയറിംഗ് നടത്തി.

കൊതുകുശല്യം

68(766) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാറിപ്പുറം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ പരിധിയിലുള്ള എളങ്കുന്നപ്പുഴ, പുളുവെയ്പ് എന്നീ പ്രദേശങ്ങളിലെ അതിരൂക്ഷമായ കൊതുകുശല്യം നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) കൊതുക നിവാരണ പ്രവൃത്തികൾ നടപ്പാക്കുന്നതിന് കഴിഞ്ഞ സാമ്പത്തിക വർഷം എത്ര തുക ചെലവഴിച്ചു ; വ്യക്തമാക്കാമോ;

(സി) കൊതുക നിവാരണ പ്രവൃത്തികൾ ഫലപ്രദമാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നേരിടുന്നുവെങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ) മാറിപ്പുറം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ പരിധിയിലുള്ള എളങ്കുന്നപ്പുഴ, പുളുവെയ്പ്പ് എന്നി സ്ഥലങ്ങളിൽ കൊതുകുശല്യം നിയന്ത്രിക്കുന്നതിന് എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ വർഷങ്ങളായി തുക നീക്കിവയ്ക്കുകയും ചെലവഴിച്ചിട്ടുള്ളതുമാണ്. തൊഴിലാളികളെ ഉപയോഗിച്ച് എല്ലാ ആഴ്ചകളിലും ഓടകളിൽ സ്പ്രേയിംഗ് നടത്തിവരുന്നു. കൊതുകുശല്യം രൂക്ഷമായ സമയത്ത് പഞ്ചായത്തിന്റെ തന്നെ ഫണ്ട് ഉപയോഗപ്പെടുത്തി മൾട്ടി പർപ്പസ് ഫോഗിംഗ് മെഷീൻ ഉപയോഗിച്ച് ഫോഗിംഗ് നടത്തിയിട്ടുണ്ട്. പഞ്ചായത്തുകളിലെ ആശാവർക്കർമാർ ഉൾപ്പെടുന്ന ഹെൽത്ത് പ്രൊമോഷൻ ടീമിന്റെ സേവനം പ്രയോജനപ്പെടുത്തി ഉറവിട നശീകരണവും നടത്തിവരുന്നു. ഇതിനായുള്ള തുക WHSC ഫണ്ടിൽനിന്നും ശുചിത്വ മിഷൻ ഫണ്ടിൽനിന്നും ഉപയോഗിക്കുന്നു. പുളുവെയ്പ്പ്, തെക്കൻ മാറിപ്പുറം, മുരിക്കിൻപാടം എന്നീ പ്രദേശങ്ങളിൽ കൊതുകിന്റെ ശല്യം ഒഴിവാക്കുന്നതിന് ഓട വൃത്തിയാക്കൽ എന്നിവയും പഞ്ചായത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്തിട്ടുള്ളതാണ്. കൂടാതെ, കൊതുകുശല്യത്തിന്റെ രൂക്ഷത കുറയ്ക്കുന്നതിന് മലമ്പനി ബാധിത മേഖലകളിൽ ഇൻഡോർ റസിഡ്യൂൽ സ്പ്രേയിംഗ് നടത്തിവരുന്നു. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള 23 വാർഡ് വർക്കേഴ്സാണ് സ്പ്രേയിംഗ് നടത്തുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കൊതുക് നിവാരണ പ്രവൃത്തികൾ നടത്തുന്നതിന് കഴിഞ്ഞ സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് 12,29,806 രൂപ വകയിരുത്തുകയും 9,03,326 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ശുചിത്വ മിഷൻ ഫണ്ട് 60,000 രൂപ, വാർഡ് ഹെൽത്ത് & സാനിറ്റേഷൻ ഫണ്ട് 60,300 എന്നിവയും ചെലവഴിച്ചിട്ടുണ്ട്. സ്പ്രേയിംഗ്, ഫോഗിംഗ്, ഉറവിട നശീകരണം എന്നീ ഇനങ്ങളിലാണ് തുക ചെലവഴിച്ചത്.

(സി) കൊതുക് നിവാരണ പ്രവൃത്തികൾ ഫലപ്രദമാക്കുന്നതിന് തടസ്സങ്ങൾ നിലനിൽക്കുന്നുണ്ട്. പ്രധാനമായും പുതുവെയ്പ് പ്രദേശത്ത് പോർട്ട് ട്രസ്റ്റിന്റെ വക ഏകദേശം മുന്നൂറ് ഏക്കറോളം കണ്ടൽക്കാടുകളാണുള്ളത്. ഈ കാടുകളിൽ ധാരാളം ചതുപ്പ് സ്ഥലങ്ങളുണ്ട്. മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിൽ വേനൽ മഴയോടുകൂടി ചതുപ്പുസ്ഥലങ്ങളിൽ വെള്ളം കെട്ടിനിൽക്കുകയും കൊതുക് പെരുകാനുള്ള സാഹചര്യം ഉളവാകുകയും ചെയ്യുന്നു. കണ്ടൽക്കാടുകളിൽ പ്രവേശിക്കാൻ റോഡോ മറ്റ് നടപ്പുവഴികളോ യാത്രാ മാർഗ്ഗങ്ങളോ യാതൊന്നുമില്ല. ഇവിടെ പെരുകുന്ന വളരെ ശല്യക്കാരായ കൈവക്ക് വിഭാഗത്തിൽപ്പെട്ട കൊതുക് ഉപ്പുവെള്ളത്തിൽപ്പോലും മുട്ടയിട്ട് വളരുന്നു. മാത്രമല്ല, സ്പ്രേയിംഗ് ഇവിടെ പ്രായോഗികമായി വിജയപ്രദമല്ല. ജനവാസ മേഖലയിൽ ഓടകളുടെ മുകളിൽ സ്ലാബ് ഇട്ട് റോഡായി ഉപയോഗിക്കുന്ന ഓടകളിൽ കൊതുക് വളരാനുള്ള സാഹചര്യം വളരെയേറെയാണ്. കൂടാതെ ഓടകളിലും കായലുകളിലും കക്കൂസ് മാലിന്യങ്ങൾ വീടുകളിൽ നിന്ന് നേരിട്ട് ഒഴുകുന്നത് കൊതുക് ശല്യത്തിന്റെ രൂക്ഷത വർദ്ധിപ്പിക്കുന്നു. കായലുകളിലും ഓടകളിലും മാലിന്യം നിക്ഷേപിക്കുന്നതും പരിസരങ്ങളിലേക്ക് വെള്ളം കെട്ടി നിൽക്കാൻ സാധ്യതയുള്ള സാധന സാമഗ്രികൾ വലിച്ചെറിയുന്നതും കൊതുക് നിവാരണ പ്രവൃത്തികൾ പ്രാവർത്തികമാക്കുന്നതിൽ തടസ്സമായി നിൽക്കുന്നു. ഇതുസംബന്ധിച്ച് ഗ്രാമപഞ്ചായത്തുകൾ നടപടികൾ സ്വീകരിക്കുവാൻ രേഖാമൂലം ആരോഗ്യ വകുപ്പിൽനിന്നും കത്ത് നൽകിയിട്ടുണ്ട്.

മറ്റത്തൂർ പി.എച്ച്.സി.

69(767) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) മറ്റത്തൂർ പി.എച്ച്.സി-യിൽ രാത്രികാലങ്ങളിൽ രോഗികളെ പരിശോധിക്കാൻ ആവശ്യമായ ഡോക്ടർമാരില്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

(സി) സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly